"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ശ്രീ മജീദ് കോയ ഫുൾടൈം അറബിക് ടീച്ചർ, മുത്തിയങ്ങ എ.ൽ.പി.എസ്, മുത്തിയങ്ങ, കണ്ണൂർ ജില്ല- ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 16095/21 മേലുള്ള 10/08/2021 ലെ വിധിന്യായം പാലിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2477/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

പരാമർശം:-
1. 01/10/2011 ലെ G.O(P) 199/2011/GEDN ഉത്തരവ്
2. 06/11/2012 ലെ 58604/ജെ2/12/പൊ.വി.വ നമ്പർ സർക്കുലർ
3. 01/8/2016 ലെ 631703/ജെ2/2016/പൊ.വി.വ നമ്പർ സർക്കുലർ
4. ശ്രീ.മജീദ് കോയ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത 16095/21 നം.റിട്ട് ഹർജി
5. ശ്രീ.മജീദ് കോയ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത 16095/21 നം.റിട്ട് ഹർജി മേലുള്ള 10/08/2021 ലെ വിധിന്യായം
6. 9/2/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ 4 /15078/2021/ഡി ജി ഇ നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ ജില്ലയിലെ മുത്തിയങ്ങ എൽപിഎസിലെ ഫുൾടൈം അറബിക് ടീച്ചറായ ശ്രീ.മജീദ് കോയ ബഹു ഹൈക്കോടതിയിൽ പരാമർശം 4 പ്രകാരം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 16095/21 മേലുള്ള പരാമർശം 5 വിധിന്യായത്തിൽ ഹർജിക്കാരനേയും മാനേജരേയും നേരിൽ കേട്ടതിനുശേഷം, Ext. P8 ഉത്തരവുകൂടി കണക്കിലെടുത്ത് ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള Ext.P9 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ചുമതലപ്പെടുത്തിയതുപ്രകാരം 28/10/2021 തീയതിയിൽ ഹർജിക്കാരനെ നേരിൽ കേട്ടിരുന്നു. മാനേജർ ഹിയറിംഗിൽ ഹാജരായില്ല. പകരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി ഹിയറിംഗിൽ പങ്കെടുത്തിരുന്നു..

2. 01/06/2011 മുതൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പാർട്ട്ടൈം അറബിക് തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള തന്റെ വിരമിക്കൽ ഒഴിവിലുള്ള നിയമനം, Ext. P8 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിയമനത്തീയതിമുതൽ അംഗീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും ഹിയറിംഗ് വേളയിൽ ഉന്നയിച്ച

വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

3. കുത്തുപറമ്പ് ഉപജില്ലയുടെ പരിധിയിൽപ്പെടുന്ന മുത്തിയങ്ങ എൽ.പി സ്കൂളിൽ 31/3/2008 ലുണ്ടായ വിരമിക്കൽ ഒഴിവിലേക്കാണ് 02/06/2008 മുതൽ പാർട്ട്ടൈം അറബിക് ടീച്ചറായി ഹർജിക്കാരനെ മാനേജർ നിയമിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നു എന്ന കാരണത്താൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല. പിന്നീട് പരാമർശം 1 പ്രകാരം രൂപീകരിച്ച അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ ടിയാന്റെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്.

4. ഹർജിക്കാരൻ 06/07/1992മുതൽ 03/07/1997 വരെ ടി സ്കൂളിലുണ്ടായ ദീർഘകാല ഒഴിവിൽ ജോലിചെയ്യുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാൻ ചട്ടം 51 എ അവകാശിയാണ്.

5. പരാമർശം 2 സർക്കുലർ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലെ 2010-11 വർഷത്തിനുശേഷമുള്ള നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തേണ്ടത്. പിന്നീട് കുട്ടികളുടെ എണ്ണംവർദ്ധിക്കുന്നതിനനുസരിച്ച് ജില്ലാവിദ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപ ഡയറക്ടർ ക്ക് റിവ്യൂചെയ്ത് ശരാശരി മിനിമം 15 കുട്ടികളുണ്ടെങ്കിൽ റിവൈസ് ചെയ്ത് ശമ്പള സ്കെയിൽ അനുവദിക്കാവുന്നതാണ്.

6. എന്നാൽ താൻ 51 എ അവകാശിയായതിനാൽ തന്റെ മുൻകാല സർവ്വീസ് സ്കെയിൽ ഓഫ് പേയിൽ അനുവദിക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം. ഈ വിഷയം പരിശോധിക്കുമ്പോൾ ബഹു. കോടതിയുടെ CIJI P. JOSE.V. STATE OF KERALA IN/ 2012 (1)KLT 867 കേസിലെ (Ext. P8) വിധിന്യായത്തിലെ പരാമർങ്ങൾകൂടി കണക്കിലെടുക്കണമെന്ന് ഈ കേസിലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

7. Ext. P8 ൽ പരാമർശിച്ചിരിക്കുന്ന കേസ് ഹർജിക്കാരി ചട്ടം 51എ അവകാശിയായിട്ടും വ്യവസ്ഥാപിത ഒഴിവിലെ സ്ഥിരനിയമനം, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെകൊണ്ടാണ് നികത്തേണ്ടത് എന്ന കാരണത്താൽ നിരസിക്കപ്പെട്ടതു സംബന്ധിച്ചിട്ടുള്ളതാണ്. സ്റ്റാറ്റ്യൂട്ടറി റൂൾസ് എക്സ്ക്ലൂട്ടീവ് ഉത്തരവുകൾക്ക് മുകളിലായതിനാൽ KER അദ്ധ്യായം 14 റൂൾ 51എ യിലെ വ്യവസ്ഥകൾക്കെതിരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന് നിലനിൽപ്പില്ലെന്നാണ് ടി വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ളത്. ആയതിൽ ചട്ടം 51എ അവകാശിയെന്ന നിലയിൽ പരാമർശിത കേസിലെ ഹർജിക്കാരിയുടെ നിയമനത്തിന് അംഗീകാരം നൽകാനാണ് ടി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.

8. ഹർജിക്കാരന്റെ കേസിൽ 02/06/2008 മുതൽ 31/5/2011 വരെ കാലയളവിലെ നിയമനമാണ് അംഗീകരിക്കേണ്ടത്. മേൽ കാലയളവിൽ സ്കൂൾ അൺഇക്കണോമിക് ആയിരുന്നെങ്കിലും അറബിക് ഭാഷ പഠിക്കാൻ ആവശ്യമായ കുട്ടികൾ ഉണ്ടായിരുന്നുവെന്നും ഹർജിക്കാരനെ നിയമിച്ചില്ലായിരുന്നുവെങ്കിൽ കുട്ടികളുടെ ഭാഷാപഠനം തടസ്സപ്പെടുമായിരുന്നുവെന്നുമാണ് മാനേജർ അറിയിച്ചിട്ടുള്ളത്. സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത ഗണത്തിൽപ്പെടുന്നുവെങ്കിലും 2008-2009, 2009-10, 2010-2011, 2011-12

വർഷങ്ങളിലെ തസ്തിക നിർണ്ണയ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മേൽ അധ്യയനവർഷങ്ങളിൽ അറബി പഠിക്കുന്നതിന് 1 മുതൽ 4 വരെ ക്ലാസ്സുകളിലായി യഥാക്രമം 36, 32, 38, 41 എന്ന പ്രകാരമാണ് കുട്ടികളുള്ളത്. തസ്തികനിർണ്ണയ റിപ്പോർട്ട് പ്രകാരം മേൽ കാലയളവിൽ ഓരോ പാർട്ട്ടൈം അറബിക് തസ്തിക അനുവദിച്ചിട്ടുണ്ട്.

9. സാഹചര്യത്തിൽ ഹർജിക്കാരന്റെ 02/06/2008 മുതൽ 31/5/2011 വരെ കാലയളവിലെ പാർട്ട്ടൈം അറബിക് തസ്തികയിലെ നിയമനം പരാമർശം 1,2 എന്നീ സർക്കുലറുകൾ പ്രകാരം പരിശോധിച്ചു ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതുപ്രകാരം റിട്ട് ഹർജി നം. 16095/21 മേലുള്ള 10/08/2021 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി, കണ്ണൂർ -670101

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുത്തുപറമ്പ, കണ്ണൂർ- 670643

മജീദ് കോയ, ഫുൾടൈം അറബിക് ടീച്ചർ, മുത്തിയങ്ങ എൽ.പി സ്കൂൾ, മുത്തിയങ്ങ പി.ഒ, കണ്ണൂർ-670671

മാനേജർ, മുത്തിയങ്ങ എൽ.പി സ്കൂൾ, മുത്തിയങ്ങ പി.ഒ, കണ്ണൂർ- 670671

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 18-04-2022 13:20:52

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.2477/2022/GEDN